**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം - കൊച്ചി നഗരസഭയിൽ ജൂനിയർ പബ്ളിക്ക് ഹെൽത്ത് നേഴ്സ് ഗ്രേഡ് II തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി. അമ്മിണി. എൻ. എ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA(Ekm) 183/ 2020 നം കേസിലെ 14.02.2020 തീയതിയിലെ ഉത്തരവ് - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. **2093**/2019/തസ്വഭവ തീയതി, തിരുവനന്തപുരം, 06.11.2020

---

പരാമർശം :
1. കൊച്ചി നഗരസഭയിൽ ജൂനിയർ പബ്ളിക്ക് ഹെൽത്ത് നേഴ്സ് ഗ്രേഡ് II തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി. അമ്മിണി. എൻ. എ സർക്കാരിൽ സമർപ്പിച്ച 05.02.2020 തീയതിയിലെ നിവേദനം( Annexure A3).
2. ശ്രീമതി. അമ്മിണി. എൻ.എ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA(Ekm) 183/ 2020 നമ്പർ കേസിൽ 14.02.2020 തീയതിയിലുണ്ടായ വിധിന്യായം
3. നഗരകാര്യഡയറക്ടറുടെ 17.03.2020 തീയതിയിലെ ഇ 5-21285/20 നമ്പർ റിപ്പോർട്ട്.
4. ശ്രീമതി. അമ്മിണി. എൻ. എ സമർപ്പിച്ച 29.05.2020 തീയതിയിലെ അപേക്ഷ

## ഉത്തരവ്

നഗരകാര്യഡയറക്ടറുടെ 25.01.2020-ലെ ഇ 5-4522/19 നം ഉത്തരവ് പ്രകാരം കൊച്ചി നഗരസഭയിൽ ജൂനിയർ പബ്ളിക്ക് ഹെൽത്ത് നേഴ്സ് ഗ്രേഡ് II തസ്തികയിൽ സേവനമനുഷ്ഠിച്ച വന്നിരുന്ന ശ്രീമതി. അമ്മിണി. എൻ. എ -യെ ചേർത്തല നഗരസഭയിലേയ്ക്കും, പകരമായി ജൂനിയർ പബ്ളിക്ക് ഹെൽത്ത് നേഴ്സ് ആയ ശ്രീമതി. സിഷ കെ എസ്-നെ ചേർത്തല നഗരസഭയിൽനിന്നും കൊച്ചി നഗരസഭയിലേയ്ക്കും സ്ഥലം മാറ്റം നൽകിയിരുന്നു. ടി ഉത്തരവിനെതിരെ ശ്രീമതി. അമ്മിണി. എൻ. എ ഫയൽ ചെയ്ത OA (Ekm) 183/ 2020 നം കേസിലെ ബഹു.കേരള അഡ്മിനിസ്ട്രേററീവ് ട്രിബ്യൂണലിന്റെ 31.01.2020-ലെ ഇടക്കാല ഉത്തരവ് പ്രകാരം ടി.സ്ഥലംമാറ്റ ഉത്തരവ് സ്റ്റേ ചെയ്യുകയും എന്നാൽ അപേക്ഷകയെ നഗരസഭയിൽനിന്നും വിടുതൽ ചെയ്തിരുന്നതിനാൽ 5.2.2020-ലെ ഉത്തരവ് പ്രകാരം സ്റ്റേ vacate ചെയ്ത് അപേക്ഷകയെ സ്ഥലംമാറ്റം ചെയ്യപ്പെട്ട നഗരസഭകയിൽ ജോലിയിൽ പ്രവേശിക്കാനും

സ്ഥലംമാറ്റ ഉത്തരവിനെതിരെ സർക്കാർ മുമ്പാകെ Appeal ഫയൽ ചെയ്യുവാനും ബഹു. ട്രിബ്യൂണൽ നിർദ്ദേശം നല്കിയിരുന്നു. തുടർന്ന് OA(Ekm) 183/2020 നം കേസിൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 14.02.2020-ലെ അന്തിമ ഉത്തരവ് പ്രകാരം ശ്രീമതി. അമ്മിണി. എൻ. എ, ഒന്നാം എതിർകക്ഷിയായ സർക്കാരിൽ സമർപ്പിച്ചിട്ടുള്ള 05.02.2020-ലെ നിവേദനം (Annexure-A3) സർക്കാർ പരിശോധിച്ച്, കോടതി ഉത്തരവ് ലഭിച്ച് 2 മാസത്തിനുള്ളിൽ, ജൂനിയർ പബ്ളിക്ക് ഹെൽത്ത് നേഴ്സ് (ഗ്രേഡ് -II) ശ്രീമതി. അമ്മിണി. എൻ. എ -യും 5-ാം എതിർകക്ഷിയായ ജൂനിയർ പബ്ളിക്ക് ഹെൽത്ത് നേഴ്സ് ഗ്രേഡ് II ശ്രീമതി.സിഷ കെ എസ്, -നെയും നേരിൽ കേട്ടതിനുശേഷം തീരുമാനമെടുക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.

2. ശ്രീമതി. അമ്മിണി. എൻ. എ. യുടെ Annexure-A3 നിവേദനത്തിലെ അപേക്ഷപ്രകാരം കൊച്ചി നഗരസഭയിൽ സേവനമനുഷ്ഠിച്ചു വന്നിരുന്ന ടിയാളെ നഗരകാര്യവകുപ്പ് ഡയറക്ടറുടെ 25.01.2020-ലെ ഇ 5-4522/19 നം ഉത്തരവ് പ്രകാരം ചേർത്തല നഗരസഭയിലേയ്ക്ക് സ്ഥലം മാറ്റി ഉത്തരവായി എന്നും 28.02.2021-ന് സർവ്വീസിൽ നിന്നും റിട്ടയർ ചെയ്യുന്ന പെരുമ്പാവൂർ സ്വദേശിയായ ടിയാളെ സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റവും നിയമനവും സംബന്ധിച്ച 25.02.2017-ലെ സ.ഉ (പി) നം. 3/2017/ഉഭപവ-ലെ മാർഗ്ഗ നിർദ്ദേശങ്ങൾ പരിഗണിച്ച്, തിരികെ കൊച്ചിനഗരസഭയിലേയ്ക്ക് സ്ഥലംമാറ്റം നൽകി ഉത്തരവാകാൻ നഗരകാര്യവകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകണമെന്ന് അപേക്ഷിച്ചിരുന്നു. കൂടാതെ ചേർത്തല സ്വദേശിയും നിലവിൽ കൊച്ചി നഗരസഭയിൽ ജൂനിയർ പബ്ളിക്ക് ഹെൽത്ത് നേഴ്സ് ഗ്രേഡ് II ആയി സേവനമനുഷ്ഠിച്ചുവരുന്നതുമായ ശ്രീമതി.ജിബി. കെ എസ് നഗരകാര്യവകുപ്പ് ഡയറക്ടർ മുമ്പാകെ ചേർത്തല നഗരസഭയിലേയ്ക്ക് സ്ഥലംമാറ്റത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട് എന്നും 2019-2020 ലെ സ്ഥലംമാറ്റത്തിനുള്ള കരടുലിസ്റ്റിൽ ടിയാളുടെ പേര് ഉൾപ്പെട്ടിരുന്നില്ല എന്നും ഭർത്താവ് ഉപേക്ഷിച്ചുപോയ ടിയാൾ പെൺമക്കളോടൊപ്പമാണ് താമസിക്കുന്നതെന്നും ഒരു മകൾക്ക് നിരന്തരമായ വൈദ്യസഹായം ആവശ്യമാണെന്നും അറിയിച്ചിട്ടുണ്ട്.

3. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവിലെ നിർദ്ദേശപ്രകാരം ജൂനിയർ പബ്ളിക്ക് ഹെൽത്ത് നേഴ്സ് ഗ്രേഡ് -II ശ്രീമതി. അമ്മിണി. എൻ. എ , 5-ാം എതിർകക്ഷിയായ ജൂനിയർ പബ്ളിക്ക് ഹെൽത്ത് നേഴ്സ് ഗ്രേഡ് II ശ്രീമതി.സിഷ കെ എസ്, എന്നിവരെ കോവിഡ് പശ്ചാത്തലത്തിൽ, ഓൺലൈനായി 28.10.2020-ൽ രാവിലെ 11.30-ന് കേൾക്കുന്നതിനായി നോട്ടീസ് നൽകിയിരുന്നു. എന്നാൽ ശ്രീമതി. അമ്മിണി. എൻ. എ, ചേർത്തല നഗരസഭസെക്രട്ടറി മുഖാന്തിരം നഗരകാര്യവകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ച 29.5.2020-ലെ അപേക്ഷ 28.10.2020-ന് സർക്കാരിൽ ലഭിക്കുകയും ആയതുപ്രകാരം പെൻഷൻ ആകാൻ 9 മാസം മാത്രം ഉള്ളതിനാൽ ഇനി ഒരു സ്ഥലംമാറ്റം ടിയാളിന്റെ പെൻഷൻ നടപടികൾ വൈകിപ്പിക്കാനും പെൻഷൻ

ആനുകൂല്യങ്ങൾ ലഭിക്കാന കാലതാമസം വരുത്തും എന്നതിനാലും ഇനിയൊരു സ്ഥലംമാറ്റം ടിയാൾ ആഗ്രഹിക്കുന്നില്ല എന്നതിനാൽ ടിയാളിന്റെ സ്ഥലംമാറ്റത്തിനുള്ള അപേക്ഷ റദ്ദുചെയ്യണം എന്ന് അപേക്ഷിച്ചിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി. അമ്മിണി. എൻ. എ-യുടെ 29.05.2020 തീയതിയിലെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ടിയാൾ സർക്കാരിൽ സമർപ്പിച്ചിട്ടുളള 05.02.2020-ലെ നിവേദനത്തിൽ(Annexure-A3) തുടർനടപടികൾ ആവശ്യമില്ലായെന്ന് കാണുന്നതിനാൽ ആയത് തീർപ്പാക്കി ഉത്തരവാകുന്നു.

5. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (2) പ്രകാരമുള്ള വിധിന്യായം മേൽപറഞ്ഞപ്രകാരം നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**ജെയ്സി പോൾ**

അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

അഡ്വക്കേറ്റ് ജനറൽ, കേരളാ, എറണാകുളം.( ആമുഖ കത്തും ശ്രീമതി.അമ്മിണി.എൻ.എ. യുടെ 29.05.2020 ലെ അപേക്ഷയുടെ പകർപ്പും സഹിതം)

ശ്രീമതി. അമ്മിണി. എൻ. എ, ജൂനിയർ പബ്ളിക്ക് ഹെൽത്ത് നേഴ്സ് ഗ്രേഡ് II ചേർത്തല നഗരസഭ( നഗരകാര്യ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ